ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാരുടെ സ്ഥലം മാറ്റം- പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- ഈ ഓഫീസിലെ 31.01.2017-ലെ ഇതേ നമ്പർ ഉത്തരവ്
ഉത്തരവ് നമ്പർ ഇ.ഡി1-2/2017/ആ.വ.ഡ,തീയതി 04.02.2017

സൂചന ഉത്തരവിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശ ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി നിയമിക്കപ്പെട്ട ശ്രീ.പ്രദീപ് രവി, സീനിയർ ക്ലാർക്ക്, പ്രാഥമികാരോഗ്യ കേന്ദ്രം, തോട്ടപ്പുഴശ്ശേരി (ക്രമ നം. 2)യെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർക്ക് ഉചിതമായ നിയമനം നൽകുന്നതിനായി അനുവദിച്ചുകൊണ്ടും അപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആസ്ഥാനത്ത് ഉണ്ടാകുന്ന സീനിയർ ക്ലാർക്കിന്റെ ഒഴിവിലേക്ക് ശ്രീമതി.ഷൈനി ദാസ്.ജെ.പി, സീനിയർ ക്ലാർക്ക്, ജനറൽ ആശുപത്രി ചങ്ങനാശ്ശേരി കോട്ടയം -യെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

പരാമർശ ഉത്തരവ് ടി മാറ്റങ്ങൾക്ക് വിധേയമായി നിലകൊള്ളുന്നതാണ്.

ടി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേധാവികൾ ടി ജീവനക്കാരെ നിയമനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചാലുടൻ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതാണ്.

ടി ജീവനക്കാരെ നിയമന ഉത്തരവിനായി അനുവദിക്കപ്പെട്ടിട്ടുള്ള ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഈ ഉത്തരവ് ലഭിച്ച ശേഷം അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് നിയമന ഉത്തരവ് നൽകുന്നതിനും വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
പി. ഉഷാറാണി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. സൂപ്രണ്ട്, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം / മെഡിക്കൽ ആഫീസർ ഇൻചാർജ്ജ്, പ്രാഥമികാരോഗ്യ കേന്ദ്രം, തോട്ടപ്പുഴശ്ശേരി, പത്തനംതിട്ട
2. ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട, കോട്ടയം
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

B.S. Sajadevi
സൂപ്രണ്ട്

GOVERNMENT OF KERALA